## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2915 — 20.06.2013-ലെ മറുപടിക്ക്

### അരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| --- | --- |
| (എ) അരൂർ നിയോജകമണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന കഴിഞ്ഞിട്ടുണ്ടോ; ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; ആകെ എന്തു തുകയാണ് നിർമ്മാണ ചെലവ് ഇനത്തിൽ പ്രതീക്ഷിക്കുന്നത്; ബാക്കി തുക എപ്പോൾ അനുവദിക്കും എന്ന് വ്യക്തമാക്കുമോ; | (എ) വാക്കയിൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഭൂമി ഏറ്റെടുക്കലിനുമായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ മണ്ണ് പരിശോധന കഴിഞ്ഞു. റിപ്പോർട്ട് ലഭിച്ച കഴിഞ്ഞാൽ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. വിശദമായ എസ്റ്റിമേറ്റ് തയ്യാറായാൽ മാത്രമേ നിർമ്മാണ ചെലവ് കൃത്യമായി അറിയുവാൻ കഴിയുകയുള്ളൂ. |
| (ബി) അരൂർ നിയോജകമണ്ഡലത്തിൽ കോടം സൗത്ത് പഞ്ചായത്തിൽ പി.എസ്. ഫെറി പാലത്തിന്റെ നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ടോ; അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാതെ തന്നെ പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ജില്ലാ ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത പാലം നിർമ്മാണത്തിന് നബാർഡിൽ നിന്നും പണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) പി.എസ്. ഫെറി പാലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായിട്ടില്ല. നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് മുൻകൂട്ടി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) പൂച്ചാക്കൽ പഴയ പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; അപകടാവസ്ഥയിലായ ഈ പാലം പുനർനിർമ്മിക്കുവാനുള്ള സത്വരനടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത പാലം വഴിയുള്ള വലിയ വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചിരിക്കുകയാണ്. പാലം പുനർനിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ